V വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ. സി. വേണുഗോപാൽ : സർ, എനിക്ക് ഇത്തരമൊരു പ്രശ്നം സഭയിൽ അവതരിപ്പിക്കേണ്ടി വരുന്നത് രണ്ടാം പ്രാവശ്യമാണ്. ഈ സഭയിൽ അംഗമായതിനുശേഷം രണ്ടര വർഷം മുമ്പ് ആലപ്പുഴയിൽ വച്ചുണ്ടായ മർദ്ദനത്തെക്കുറിച്ച് നിയമസഭാംഗം എന്ന നിലയിൽ എനിക്കുള്ള അവകാശം വച്ചുകൊണ്ട് അന്ന് ഞാൻ സംസാരിക്കുകയുണ്ടായി. വീണ്ടും ഇത്തരമൊരു വിഷയം സൂചിപ്പിച്ചുകൊണ്ട് സംസാരിക്കാൻ ഇടവന്നത് നിർഭാഗ്യകരമാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തേ അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് സംസാരിച്ചപ്പോൾ എന്റെ നേതൃത്വത്തിൽ ഒരു ജാഥ കടന്നുപോയി എന്ന് അദ്ദേഹം സൂചിപ്പിച്ചു. പക്ഷേ, 6 ദിവസം കൊല്ലത്തെ ഉപാസന ആശുപത്രിയിൽ ചികിത്സയിൽ കഴിയേണ്ടിവന്ന സാഹചര്യത്തെക്കുറിച്ചും എനിക്ക് ഏറ്റ മർദ്ദനത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചതേയില്ല. ഞാൻ അത് പരത്തിപ്പറയാൻ ആഗ്രഹിക്കുന്നില്ല. എസ്.എൻ.കോളേജ് .സംഭവത്തിൽ ജില്ലാ കളക്ടറും എസ്.പി.യും കാണിച്ച കുറ്റകരമായ അനാസ്ഥയ്ക്കെതിരെ നടപടി വേണമെന്നാവശ്യപ്പെട്ടുകൊണ്ട് വളരെ സമാധാനപരമായിട്ടുള്ള ഒരു ജാഥയാണ് കൊല്ലത്ത് നടന്നത്. രണ്ടായിരത്തോളം വരുന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകർ ചിന്നക്കടയിലെ റസ്റ്റ് ഹൗസിനു മുന്നിലുള്ള പൊതുവായ സ്ഥലത്തുനിന്നും ആരംഭിച്ച ജാഥ കൊല്ലം എസ്.പി. ഓഫീസിലേക്ക് മാർച്ച് ചെയ്യുമ്പോൾ സ്വാഭാവികമായും ഈ സമരത്തെ എസ്.പി. ഓഫീസിനു മുന്നിലായി എസ്.എൻ. ട്രസ്റ്റ് ഓഫീസിന് മുന്നിൽ പോലീസ് തടയും എന്നായിരുന്നു ഞങ്ങൾക്ക് കിട്ടിയ വിവരം. അതനുസരിച്ച് ജാഥ മുന്നോട്ടു പോയി. ആ ജാഥയെ എസ്.എൻ. ട്രസ്റ്റ് ഓഫീസിന് മുന്നിൽ വച്ചുതന്നെ ഡി.വൈ.എസ്.പി അടക്കമുള്ള ഉന്നതരായ പോലീസ് ഉദ്യോഗസ്ഥന്മാരും അതുപോലുള്ള ആളുകളും കൂടി തടയുകയുണ്ടായി. ജാഥ തടഞ്ഞു. പ്രസംഗം ആരംഭിച്ചു. ശ്രീ. രമേശ് ചെന്നിത്തല എം.പി. ഉദ്ഘാടനം ചെയ്തു. ശ്രീ. ജി. കാർത്തികേയൻ ഉണ്ടായിരുന്നു. ശ്രീ. കടവൂർ ശിവദാസനുണ്ടായിരുന്നു. ശ്രീ. കെ.സി. രാജൻ ഉണ്ടായിരുന്നു. ഇവരൊക്കെ പ്രസംഗിച്ച് അവസാനം രാജ്മോഹൻ ഉണ്ണിത്താനും പ്രസംഗിച്ച് പ്രസംഗം അവസാനിപ്പിച്ച് പിരിഞ്ഞുപോകുന്നതിന് തയ്യാറെടുക്കുന്നതിന് ഇടയിലാണ് ഒരു ജാഥയെ ഒരു സ്ഥലത്തുവച്ച് തടയുന്നതിനു പകരം ഡി.സി.സി. ഓഫീസിനു മുന്നിൽ ഒരു പോലീസ് വ്യൂഹം നിന്ന് അവിടെ വലിയ ഒരു പോലീസ് വാനും വച്ച് ജാഥയിൽ പങ്കെടുക്കുന്ന പ്രവർത്തകന്മാരെ തടയുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അപ്പോൾ തന്നെ ഞാൻ ഡി.വൈ.എസ്.പി.യോട് പറഞ്ഞു ജാഥ ഒരു സ്ഥലത്ത് വച്ച് തടയണം. രണ്ടു സ്ഥലത്ത് വച്ച് തടയുന്നത് ശരിയല്ല എന്ന്. ഞങ്ങൾ തടയുന്നതിന് വഴങ്ങാൻ തയ്യാറായി നിൽക്കുന്നവരാണ്, അതുകൊണ്ട് രണ്ട് സ്ഥലത്തുവച്ചും തടയരുത് എന്ന് ഡി.വൈ.എസ്.പി.യോട് പറഞ്ഞു. ഡി.വൈ.എസ്.പി. അത് ചെവിക്കൊണ്ടില്ല. മുഴുവൻ ലേഖകന്മാരും വിഷ്വൽമീഡിയാകളായ ഏഷ്യാനെറ്റും സൂര്യാടി.വി.യും അടക്കമുള്ള ക്യാമറാസെറ്റ് അവിടെ ഉണ്ടായിരുന്നു. പത്രപ്രവർത്തകൻമാർ അടക്കം സാക്ഷികളാണ്. ഡി.വൈ.എസ്.പി. ഇത് ചെവിക്കൊണ്ടില്ല എന്നു മാത്രമല്ല യോഗസ്ഥലത്തേയ്ക്കു വരുന്ന പ്രവർത്തകരെ അവിടെ വച്ചു അവർ തടയുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ആ സാഹചര്യത്തിൽ സ്വാഭാവികമായും കശപിശ ഉണ്ടായിട്ടുണ്ടാകും. ഞാനത് നിഷേധിക്കുന്നില്ല. അത് എല്ലാ ജാഥകളിലും ഉണ്ടാകുന്നതാണ്. ജാഥയെ രണ്ട് സ്ഥലത്ത് വച്ചു തടഞ്ഞാൽ കരുതിക്കൂട്ടി ജാഥയിൽ പങ്കെടുക്കുന്ന പ്രവർത്തകരെ തടയാൻ ശ്രമിച്ചാൽ അവിടെ കശപിശയുണ്ടാകും. അതിന്റെ പേരിൽ പോലീസ് സംഘർഷം ഉണ്ടാക്കുകയും അവസാനം പോലീസ് വളരെ മൃഗീയമായ അക്രമം അഴിച്ചുവിടുകയും സംസ്ഥാന യൂത്ത് കോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റ് ശ്രീ. ബാബു പ്രസാദിനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. ഇത് എല്ലാ മീഡിയയും കാണിച്ചതാണ്. 25 പോലീസുകാർ ഒരുമിച്ച് നിന്നുകൊണ്ട് ഒരുത്തന്റെ തല തല്ലിപ്പൊളിച്ച് ; അയാൾ രക്തമൊലിപ്പിച്ചു ഇഴഞ്ഞ് നീങ്ങുന്ന കാഴ്ച ജനാധിപത്യ കേരളം കണ്ടതാണ്. ആശുപത്രിയിൽ പോകാൻ കഴിയാതെ 25 പോലീസുകാരുടെ നടുവിലൂടെ ചെറുപ്പക്കാരനായ ഒരു യുവജന നേതാവ് ഇഴഞ്ഞു നീങ്ങുന്ന കാഴ്ച ഇതിനെ ചോദ്യം ചെയ്യാതിരിക്കാനാകുമോ ? ഞാൻ ഡി.സി.സി. ഓഫീസിനകത്തിരിക്കുകയായിരുന്നു. ജാഥ കഴിഞ്ഞ് പ്രവർത്തകൻമാരോട് പാർക്ക് ചെയ്തിരുന്ന വണ്ടികളിൽ തിരിച്ചുപോകാൻ പറഞ്ഞു. സംഘർഷം ഉണ്ടാക്കാതെ പിരിഞ്ഞു പോകാൻ പറഞ്ഞു. ബാബു പ്രസാദിനെ ആശുപത്രിയിൽ കൊണ്ടുപോകാൻ നിർദ്ദേശം കൊടുത്തതനുസരിച്ച് ആശുപത്രിയിൽ കൊണ്ടുപോയി. മുഖ്യമന്ത്രി പറഞ്ഞു ഡി.സി.സി. ഓഫീസിനകത്ത് നിന്ന് കല്ലേറുണ്ടായി എന്ന്. വളരെ വിചിത്രമാണ്. ഡി.സി.സി. ഓഫീസ് കോമ്പൗണ്ടിൽ നിന്ന് കല്ലെറിഞ്ഞാൽ റോഡിലേയ്ക്കെത്തില്ല. അങ്ങനെ ഒറ്റപ്പെട്ട സംഭവം ഉണ്ടായി എന്ന വാദം സമ്മതിച്ചാൽ തന്നെ, അഞ്ഞുറോളം വരുന്ന പോലീസ് സംഘം ഡി.സി.സി. ഓഫീസിലേയ്ക്കു ഇരച്ചു കയറുകയാണ്. ഒന്ന് രണ്ട് വാചകങ്ങൾ അങ്ങ് ശ്രദ്ധിക്കണം. ഏതെങ്കിലും ലാത്തിച്ചാർജിൽ വാഹനങ്ങൾ തല്ലിപ്പൊളിക്കുന്നതിന് പോലീസുകാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ? കൊല്ലത്തെ എല്ലാ പത്രങ്ങളിലും വന്ന വാർത്തകൾ അങ്ങ് എടുത്തുനോക്കണം. വാഹനങ്ങൾ തല്ലിപ്പൊളിക്കുന്നതു പോലീസുകാരാണ്. കോൺഗ്രസ്സിന്റെ പതാക ചുട്ടുകരിക്കുന്നതു പോലീസുകാരാണ്. വാഹനങ്ങൾ എന്തു കുറ്റം ചെയ്തു ? വാഹനങ്ങൾ കല്ലെറിഞ്ഞോ ? ഡി.സി.സി. കോമ്പൗണ്ടിനകത്തു കയറി സി.എം. സ്റ്റീഫന്റേയും ആർ. ശങ്കറിന്റേയും ഇന്ദിരാഗാന്ധിയുടേയും രാജീവ് ഗാന്ധിയുടേയും ശ്രീ. കെ. കരുണാകരന്റേയും ഫോട്ടോകൾ അടിച്ചുതകർത്തു. ആ സമയത്ത് ഞാൻ ഡി.സി.സി. ഓഫീസിനകത്തിരിക്കുകയാണ്. എന്റെ മുന്നിൽ പ്രവർത്തകൻമാർ അവസാനം അഭയം തേടി എത്തുകയാണ്. പോലീസ് നിരന്തരമായി അവരെ വേട്ടയാടുകയാണ്. ഞാൻ ഡി.സി.സി. ഓഫീസ് മുറിയ്ക്കകത്തു ഇരിക്കുമ്പോൾ ആ മുറിയുടെ നാലുഭാഗത്തും ജനലിലൂടെ പോലീസ് കല്ലെറിയുകയാണ്. പോലീസ് കല്ലെറിയുമ്പോൾ ഉത്തരവാദപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ നോക്കിനിൽക്കുകയാണ്. ഞാനൊരു എം.എൽ.എ.യാണ്, നിങ്ങൾ ഡി.സി.സി. ഓഫീസിനകത്തേക്കു കല്ലെറിയരുതെന്നു പറയാൻവേണ്ടി വാതിൽ തുറന്നു പുറത്തു വരുന്ന സമയത്താണ് വലിയ ഉരുളൻ കല്ലെടുത്ത് എന്റെ വയറ്റത്ത് എറിഞ്ഞത്. ഇവിടെ വന്നു പ്രസംഗിക്കാൻ അവസരമുണ്ടായത് ദൈവനിശ്ചയം കൊണ്ടാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ഏറ് മറ്റു ചില ഭാഗങ്ങളിലാണ് കൊണ്ടിരുന്നതെങ്കിൽ എനിക്ക് ജീവിതമുണ്ടാകുമായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നെ എറിഞ്ഞുവീഴ്ത്തി. അവിടെയും പോലീസ് നിറുത്തിയില്ല. വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തു കയറി. ബൂട്ട്സിട്ട കാലുകൾ കൊണ്ട് എന്നെ ചവുട്ടി. അങ്ങ് എന്റെ മെഡിക്കൽ റിപ്പോർട്ട് പരിശോധിക്കണം. ഉപാസന ഹോസ്പിറ്റലിൽ എന്നെ ചികിത്സിച്ചിട്ടുണ്ട്. എനിക്ക് എന്തൊക്കെ പരിക്കുപറ്റിയെന്ന് മെഡിക്കൽ റിപ്പോർട്ട് പരിശോധിക്കണം. നിരപരാധികളായ ചെറുപ്പക്കാരുടെ തല തല്ലിപ്പൊളിച്ചു. പതിനെട്ടും ഇരുപതും സ്റ്റിച്ചുകളോടെ നിൽക്കുന്ന ചെറുപ്പക്കാർ. അവർക്ക് എന്തു പരിക്കുപറ്റിയെന്ന് അങ്ങ് പരിശോധിക്കണം. ഇത്രമാത്രം പ്രകോപനം ഉണ്ടാകാൻ അവിടെ എന്തു സംഭവിച്ചു ? ബോംബേറുണ്ടായോ ? ഇവിടെ സൂചിപ്പിച്ചതുപോലെ പത്തു മണിക്കൂർ എസ്.എൻ. കോളേജ് പ്രിൻസിപ്പാളിനെ ബന്ദിയാക്കി, മാരകായുധങ്ങളുമായി കാവൽ നിന്ന ആളുകളെ നോക്കി നിന്ന പോലീസ്, ഈ അനന്തപുരിയിൽ ക്ഷേത്രക്കുളത്തിൽ ഒരു ചെറുപ്പക്കാരൻ മുങ്ങിമരിക്കുന്നതു നോക്കി നിന്ന പോലീസ്, അവിടെ കല്ലെറിഞ്ഞുവെന്ന് ആക്ഷേപമുണ്ടാക്കി അഞ്ഞൂറോളം വരുന്ന പോലീസുകാർ ഡി.സി.സി. ഓഫീസിനകത്തു കയറി അവിടെ കാണിച്ച നരനായാട്ട് കേരള രാഷ്ട്രീയ ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാത്തതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിലല്ല എനിക്ക് വേദന തോന്നുന്നത്. ഞാനൊരു എം.എൽ.എ. ആണ്. എനിക്കു പരിക്കുപറ്റി വീണു. പരിക്കുപറ്റി വീണ എന്നെ പ്രവർത്തകൻമാർ എടുത്ത് ആശുപത്രിയിൽ കൊണ്ട് പോകുന്നു. ആ സമയത്ത്, പോലീസ് വാഹനങ്ങൾ തരണമെന്ന് ഞാൻ പറയുന്നില്ല ; ആ മര്യാദയൊന്നും കാണിക്കില്ലല്ലോ. പരിക്കേറ്റ് എന്നെ കൊണ്ട് പോകുന്ന പ്രവർത്തകൻമാരെ മൃഗീയമായി മർദ്ദിച്ചു. പരിക്കുപറ്റിയ എന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകാൻ ഒരു കിലോമീറ്റർ പ്രവർത്തകൻമാരെ നടത്തി. വണ്ടികളുടെ ഡ്രൈവർമാരെ തിരിച്ചയച്ചു. വണ്ടി ഓടിക്കാൻ ഡ്രൈവർമാരില്ല. എന്നെ കൊണ്ടുപോകാൻ വാഹനമില്ല. എന്നെ പ്രവർത്തകൻമാർ എടുത്തുകൊണ്ടു പോകുന്നു. ആ പ്രവർത്തകൻമാർക്ക് നേരെ പോലീസ് കൊലവിളി നടത്തുകയാണ്. അവസാനം ഒരു കിലോമീറ്റർ നടന്നിട്ടാണ് ഒരു ഓട്ടോറിക്ഷയിൽ എന്നെ കൊണ്ടുപോയത്. ഇത്തരത്തിൽ ഒരംഗത്തിനുണ്ടായ അനുഭവം ഈ സഭയിൽ പറഞ്ഞിട്ടു കാര്യമുണ്ടോ ? വളരെ വളരെ വേദനാജനകമായ ഒരനുഭവം. അടിയുണ്ടാകും. സമരമുഖത്തു നിൽക്കുമ്പോൾ ഉണ്ടാകുന്ന അനുഭവം അങ്ങേയ്ക്കറിയാമല്ലോ. പക്ഷേ, പരിക്കേറ്റു വീണാൽ ആശുപത്രിയിൽ കൊണ്ടുപോകാൻപോലും സൗകര്യമുണ്ടാകാത്ത അനുഭവം. ഉത്തരവാദപ്പെട്ട ഡി.വൈ.എസ്.പി.യും സർക്കിൾ ഇൻസ്പെക്ടർമാരും പോലീസ് ഉദ്യോഗസ്ഥൻമാരും നോക്കി നിൽക്കുമ്പോൾ ഒരു എം.എൽ.എ.യെ തല്ലിയിട്ടാൽ ആശുപത്രിയിൽ കൊണ്ട് പോകുന്നില്ല എന്നുള്ള സംഭവം അങ്ങ് സമരമുഖത്തിലൂടെ വളർന്നു എന്ന് പറയുന്ന ആളല്ലേ ; ഇതു ശരിയാണോ ? ഞാൻ ദീർഘിപ്പിക്കുന്നില്ല. എം.എൽ.എ.മാരെ തെരഞ്ഞുപിടിച്ചു തല്ലുകയാണ്. എം.എൽ.എ. ആയ എനിക്ക് ഇത് മൂന്നാമത്തെ അനുഭവമാണ്. മുമ്പ് കെ.എസ്.യു.വിന്റെ പ്രസിഡന്റായിരുന്നപ്പോൾ എനിക്ക് പോലീസ് മർദ്ദനമേല്ക്കേണ്ടി വന്നിട്ടുണ്ട്. ആലപ്പുഴ സംഭവം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല. ആ സംഭവത്തിന് ഉത്തരവാദിയായ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന് പ്രൊമോഷൻ കൊടുത്തിരിക്കുകയാണ്. കഴിഞ്ഞ രണ്ടരക്കൊല്ലമായി കേസെടുക്കാതെ പ്രൊമോഷൻ കൊടുത്തിരിക്കുന്നു. പിന്നെ എന്താണ് ? എം.എൽ.എ.യെ തല്ലിയാൽ പ്രൊമോഷനാണെങ്കിൽ പിന്നെ ആരെയും തല്ലാം. ഞാൻ ഇവിടെ പ്രതിപക്ഷവും ഭരണപക്ഷവുമാകാൻ ആഗ്രഹിക്കുന്നില്ല. ഈ വിഷയം ഈ സഭയിലെ ഒരംഗത്തിന്റെ സാമാന്യമായ അവകാശങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റമാണ്. ജനകീയമായ സമരങ്ങളെ അടിച്ചമർത്താൻ ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്ന ജനപ്രതിനിധികളെ ഉന്മൂലനം ചെയ്യാൻവേണ്ടി ചില ഉദ്യോഗസ്ഥന്മാർ രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്ന പോലീസുദ്യോഗസ്ഥന്മാർ, അവരെ നിങ്ങൾ സഹായിക്കരുതെന്നു മാത്രമേ എനിക്കു വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളു. ഈ നിയമസഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ ഇനി ഒരംഗത്തിനും ഇത്തരം അനുഭവം ഉണ്ടാകാതിരിക്കാൻ നടപടി സ്വീകരിക്കണം. പരിക്കുപറ്റിയാൽ ആശുപത്രിയിൽ കൊണ്ടുപോകാനുള്ള മര്യാദപോലും കാണിക്കാൻ കഴിഞ്ഞിട്ടില്ല. അങ്ങ് അവരെ സഹായിക്കരുതെന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളു. അങ്ങ് അതിന് സന്ദർഭോചിതമായ മറുപടി പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇല്ലെങ്കിൽ ഈ പ്രശ്നം ഞാൻ അങ്ങേക്ക് വിടുന്നു. ഈ സഭയുടെ രണ്ടു ഭാഗത്തുമുള്ള അംഗങ്ങൾ എന്നെ വിളിച്ച് വിവരം അന്വേഷിച്ചു. ഈ സഭയിൽ മേലിൽ ഇത്തരമൊരു വിഷയം അവതരിപ്പിക്കാൻ സാഹചര്യമുണ്ടാകാതിരിക്കട്ടെയെന്ന പ്രാർത്ഥനയോടുകൂടി എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇകെ. നായനാർ) : സ്പീക്കർ സർ, ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ. തൊടിയൂർ രാമചന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ
11 A.m.] 7-2-2000-ന് കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ ഒരു മാർച്ച് നടത്തുകയുണ്ടായി. കൊല്ലം റെസ്റ്റ് ഹൗസ് ജംഗ്ഷനിൽനിന്നും ആരംഭിച്ച മാർച്ച് എസ്.എൻ. ട്രസ്റ്റ് ഓഫീസിന് മുൻവശം വച്ച് പോലീസ് തടഞ്ഞു. പ്രകടനക്കാർ റോഡിൽ കുത്തിയിരുന്നു. ശ്രീ. രമേശ് ചെന്നിത്തല എം.പി., ശ്രീ. കെ. സി. വേണുഗോപാൽ എം.എൽ.എ. തുടങ്ങിയവർ പ്രകടനത്തെ അഭിസംബോധന ചെയ്യുകയും അവർ പോകുകയും ചെയ്തു. അതിനെത്തുടർന്ന് ശ്രീമാൻ തൊടിയൂർ രാമചന്ദ്രൻ നായർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ പ്രകടനത്തിനു പിന്നിൽ നിന്നും പോലീസുകാർക്കു നേരെ കല്ലെറിഞ്ഞു. പോലീസ് സംയമനം പാലിച്ചു. ഉച്ചക്ക് 12.30-നു യോഗം അവസാനിച്ചപ്പോൾ പ്രകടനക്കാർ ഡി.സി.സി. ഓഫീസിന് മുൻവശത്തുനിന്നും പോലീസിനു നേരെ വീണ്ടും കല്ലെറിഞ്ഞു. ആ കല്ലേറിൽ കൊല്ലം ഡി.വൈ.എസ്.പി.ക്കും എ.എസ്.പി. ജയരാജ്, കുണ്ടറ സി.ഐ. എന്നിവർക്കും പരിക്കുപറ്റി. കൂടുതൽ അക്രമാസക്തരായ പ്രകടനക്കാരെ പിരിച്ചുവിടാൻ എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ ഉത്തരവു പ്രകാരം പോലീസ് ലാത്തിച്ചാർജ് നടത്തി. ഡി.സി.സി. ഓഫീസിൽനിന്നും പോലീസിനു നേരെ വീണ്ടും കല്ലേറുണ്ടായി. ആ കല്ലേറിൽ രണ്ട് എസ്.ഐ.മാർക്കും ഇരുപത്തിയഞ്ച് പോലീസുകാർക്കും പരിക്കുപറ്റി. കല്ലേറു നടത്തിയവരെ പോലീസ് ലാത്തിച്ചാർജ് നടത്തി പിരിച്ചു വിട്ടു. കല്ലേറിലും തിക്കിലും തിരക്കിലുംപെട്ട് മറിഞ്ഞുവീണ ചില പ്രകടനക്കാർക്കും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാർക്കും പരിക്കുപറ്റി.

LIBRARY ARCHIVES Kerala Legislative Assembly

വസ്തുവകകൾക്കും നാശനഷ്ടമുണ്ടായി. മർദ്ദനമേറ്റ ശ്രീ. വേണുഗോപാൽ എം.എൽ.എ.യെ ചിലർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഡി.സി.സി. ഓഫീസിൽനിന്നും പുറത്തു പോയവർ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെയും കല്ലെറിഞ്ഞു. അങ്ങനെയും നാശനഷ്ടം വരുത്തി. അതിന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പതിമൂന്നോളം പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എ.കെ. ആന്റണി, ശ്രീ. വയലാർ രവി എന്നിവർ പോലീസ് സ്റ്റേഷനിലെത്തി. അവരുടെ ആവശ്യം നിരാകരിച്ചതിനെത്തുടർന്ന് ഇരുന്നൂറോളം പേർ നാഷണൽ ഹൈവേ പിക്കറ്റുചെയ്ത് തടസ്സം സൃഷ്ടിച്ചു. അവരെ അറസ്റ്റ് ചെയ്ത് നീക്കം ചെയ്ത് കൊല്ലം ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. അവിടെ നിന്നും അവർ ജാമ്യത്തിൽ പോയി. ഡി.സി.സി. ഓഫീസ് പരിസരത്തു കിടന്ന വാഹനങ്ങൾക്കു നാശനഷ്ടം വരുത്തി എന്ന ഡി.സി.സി. പ്രസിഡന്റിന്റെ പരാതിയിൻമേൽ ക്രൈം 120/2000 നമ്പരായി ഏതാനും പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. കൊല്ലത്തെ എസ്.പി. ഓഫീസ് മാർച്ചിനെത്തുടർന്നുണ്ടായ ലാത്തിച്ചാർജിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉത്തരവാകുകയും കമ്മീഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

VI സബ്മിഷൻ

(1) എടക്കാട് മണ്ഡലത്തിൽ കോയ്യോട് സജീവൻ എന്ന ആളിന്റെ കൊലപാതകം

ശ്രീ. എം. വി. ജയരാജൻ : സർ, ഫെബ്രുവരി മാസം 17-ാം തീയതി രാത്രി കണ്ണൂർ ജില്ലയിൽ എടക്കാട് മണ്ഡലത്തിൽപ്പെടുന്ന ചെമ്പിലോട് പഞ്ചായത്തിലെ സി.പി.ഐ.(എം) ഉദയകലാ സമിതി ബ്രാഞ്ച് അംഗമായിരുന്ന സഖാവ് സജീവനെ ആർ.എസ്.എസ്-ന്റെ ഒരു കൂട്ടം അക്രമികൾ നിഷ്ഠൂരമായി കൊലപ്പെടുത്തുകയും ഡി.വൈ.എഫ്.ഐ. എടക്കാട് ബ്ലോക്കു കമ്മിറ്റി അംഗമായ സഖാവ് മോഹനനേയും സി.പി.ഐ.(എം.)ന്റെ പ്രവർത്തകനായ സഖാവ് പ്രകാശനേയും മാരകമായി പരിക്കേൽപ്പിക്കുകയുമുണ്ടായി. ഈ സംഭവം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ഡിസംബർ മാസം 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളും പങ്കെടുത്തുകൊണ്ട് കണ്ണൂരിൽ സമാധാന സമ്മേളനം വിളിച്ചു ചേർക്കുകയുണ്ടായി. അതിനെത്തുടർന്ന് കഴിഞ്ഞ മൂന്നുമാസമായി കണ്ണൂർ ജില്ലയിൽ സമാധാനാന്തരീക്ഷം നിലനിൽക്കുകയാണ്. അത് തകർക്കാൻവേണ്ടിയാണ് ബോധപൂർവ്വം ആസൂത്രണം ചെയ്തിട്ടുള്ള, ആർ.എസ്.എസ്., ബി.ജെ.പി. അക്രമി സംഘത്തിന്റെ കൊലപാതക പരമ്പരയെന്ന് വ്യക്തമായ സൂചനകളുണ്ട്. കഴിഞ്ഞ ജനുവരി മാസം ചെറുകോൽപ്പുഴയിൽ ചേർന്ന ആർ.എസ്.എസ്-ന്റെ സംസ്ഥാന ക്യാമ്പിൽ വച്ച് ഒരു ഗൂഢ പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. "ഓപ്പറേഷൻ കണ്ണൂർ" എന്ന പേരിൽ അറിയപ്പെടുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly